**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2** **01-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധിയായി ശ്രീ. കെ. വി. തോമസിനെ ഡൽഹിയിൽ നിയമിക്കുവാൻ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇദ്ദേഹത്തിന് നൽകാൻ തീരുമാനിച്ചിട്ടുള്ള ശമ്പളം, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ; | (എ) | 20.01.2023 ലെ. സ.ഉ.(കൈ)9/2023/പൊഭവ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധിയായി പ്രൊഫ. കെ. വി. തോമസിനെ ഡൽഹിയിൽ നിയമിച്ചിട്ടുണ്ട് അദ്ദേഹത്തിന് ശമ്പളം നല്കേണ്ടതില്ലെന്നും ഓണറേറിയം നൽകിയാൽ മതിയാകുമെന്നും അറിയിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഡൽഹിയിൽ ചീഫ് സെക്രട്ടറി റാങ്കിൽ ഒരു ഒ.എസ്.ഡി. യും മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ റസിഡന്റ് കമ്മീഷണർ തസ്തികയിലും ഉണ്ടായിരിക്കേ പ്രസ്തുത വ്യക്തിയെ പ്രത്യേക പ്രതിനിധിയായി നിയമിക്കുവാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | (ബി) | നിരന്തരവും സൗഹാർദ്ദപൂർണ്ണവുമായ കേന്ദ്ര സംസ്ഥാന ബന്ധം നിലനിർത്തുന്നതിനു സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും കേന്ദ്ര സർക്കാരിലു അനുബന്ധ മന്ത്രാലയങ്ങളിലും ഉന്നത തലത്തിലുള്ള ഇടപെടൽ ആവശ്യമാണ് സംസ്ഥാന സർക്കാരിന്റെ നയങ്ങളു നിലപാടുകളും കേന്ദ്രസർക്കാർ മുമ്പാകെ വളരെ വ്യക്തമായി അവതരിപ്പിക്കേണ്ടത് കേന്ദ്രത്തിൽ നിന്ന് അനുകൂല നടപടികൾ ഉറപ്പാക്കുന്നതിന വളരെ അത്യന്താപേക്ഷിതവുമാണ്. ഈ സാഹചര്യത്തിലാണ് പ്രൊഫ. കെ. വി തോമസിനെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ നിയമിച്ചത്. |
| (സി) | മുമ്പ് സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ആരെയെങ്കിലും ഡൽഹിയിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവർക്ക് നൽകിയിട്ടുള്ള ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) | മുമ്പ് ഡോ. എ. സമ്പത്തിനെ സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ നിയമിച്ചിരുന്നു. 2,000/- രൂപ അടിസ്ഥാന ശമ്പളവും 33,423/- ക്ഷാമബത്തയും 57,000/- രൂപ ന്യൂഡൽഹി അലവൻസും ഉൾപ്പെടെ 92,423/- രൂപയാണ് അദ്ദേഹത്തിന് പ്രതിമാസം അനുവദിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ